I. ഇ.ബി. XV-കേരള നിയമസഭ/XIV-1

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2025 സെപ്റ്റംബർ 15, തിങ്കൾ

പതിനഞ്ചാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം 2025 സെപ്റ്റംബർ 15-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

**ചരമോപചാരം**

വി. എസ്. അച്യുതാനന്ദൻ, വാഴൂർ സോമൻ, പി. പി. തങ്കച്ചൻ എന്നിവരുടെ നിര്യാണം

മി. സ്പീക്കർ: കേരളത്തിന്റെ മുൻ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സ്വാതന്ത്ര്യ സമര സേനാനിയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ അതുല്യനായ നേതാവുമായിരുന്ന വി. എസ്. അച്യുതാനന്ദൻ 2025 ജൂലൈ 21-ന് അന്തരിച്ചു. 1923 ഒക്ടോബർ 20-ന് ആലപ്പുഴ ജില്ലയിലെ പുന്നപ്ര വില്ലേജിൽ കളർകോട് വേലിക്കകത്ത് വീട്ടിൽ ശങ്കരന്റെയും അക്കമ്മയുടെയും രണ്ടാമത്തെ മകനായി ജനിച്ച അദ്ദേഹം ഏഴുതവണ കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെടുകയും 2006 മുതൽ 2011 വരെ സംസ്ഥാന മുഖ്യമന്ത്രിയായും പതിനഞ്ചുവർഷത്തോളം പ്രതിപക്ഷ നേതാവായും 2016 മുതൽ 2021 വരെ ഭരണപരിഷ്കാര കമ്മിഷൻ ചെയർമാനായും പ്രവർത്തിച്ചു. സി.പി.ഐ.(എം) പൊളിറ്റ്ബ്യൂറോ അംഗം, സംസ്ഥാന സെക്രട്ടറി എന്നീ നിലകളിൽ ഇടതുപക്ഷത്തിന്റെ ജനകീയ മുഖമായിരുന്നു അദ്ദേഹം. കയർ ഫാക്ടറിയിൽ തൊഴിലാളിയായി ജോലി ചെയ്തുകൊണ്ട്

പൊതുപ്രവർത്തന രംഗത്തേക്ക് കടന്നുവന്ന അദ്ദേഹം പതിനേഴാം വയസ്സിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം നേടുകയും സ്വാതന്ത്ര്യസമരം, പുന്നപ്ര വയലാർ സമരം തുടങ്ങിയവയിൽ പങ്കെടുക്കുകയും അടിയന്തരാവസ്ഥക്കാലത്തുൾപ്പെടെ ജയിൽവാസം അനുഭവിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പോരാട്ടങ്ങൾ കേരള ചരിത്രത്തിന്റെ ഭാഗവും വിവിധ മേഖലകളിൽ അദ്ദേഹം നൽകിയ സംഭാവനകൾ നിസ്തുലവുമാണ്. ശക്തമായ സ്ത്രീപക്ഷ നിലപാടും അഴിമതിക്കെതിരായ വിട്ടുവീഴ്ചയില്ലാത്ത സമീപനവും ജനകീയ പ്രശ്നങ്ങളിൽ ഇടപെടുന്നതിലെ ആത്മാർഥതയും കക്ഷിരാഷ്ട്രീയ ഭേദമന്യേ ജനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കാനും ബഹുമാനിക്കാനും കാരണമായി. കേരളത്തിന്റെ സാമൂഹിക പുരോഗതിക്കും തൊഴിലാളിവർഗത്തിന്റെ ഉന്നമനത്തിനുംവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ആ ധീരനായകന്റെ വിയോഗം നികത്താനാകാത്ത നഷ്ടമാണ്.

**വാഴൂർ സോമൻ**

പതിനഞ്ചാം കേരള നിയമസഭയിൽ പീരുമേടിനെ പ്രതിനിധീകരിക്കുന്ന മുതിർന്ന സി.പി.ഐ. നേതാവ് വാഴൂർ സോമൻ 2025 ഓഗസ്റ്റ് 21-ന് തിരുവനന്തപുരത്തുവച്ച് നടന്ന റവന്യൂ വകുപ്പിന്റെ യോഗത്തിൽ പങ്കെടുത്തശേഷം പുറത്തേയ്ക്കിറങ്ങവെ കുഴഞ്ഞുവീണ് അന്തരിച്ചു. കോട്ടയം ജില്ലയിലെ വാഴൂരിൽ കുഞ്ഞുപാപ്പന്റെയും പാർവതിയുടെയും മകനായി 1952 സെപ്റ്റംബർ 14-ന് ജനിച്ച അദ്ദേഹത്തിന്റെ കർമ്മമണ്ഡലം ഇടുക്കി ജില്ലയിലെ പീരുമേടായിരുന്നു. വിദ്യാർഥി രാഷ്ട്രീയത്തിലൂടെ പൊതുരംഗത്തേക്ക് കടന്നുവന്ന അദ്ദേഹം എ.ഐ.ടി.യു.സി.-യുടെ സംസ്ഥാന വൈസ് പ്രസിഡന്റായും ദേശീയ കൗൺസിൽ അംഗമായും പ്രവർത്തിക്കുകയും തോട്ടം തൊഴിലാളികളുടെയിടയിൽ വലിയ സ്വാധീനമുള്ള നേതാവായി

വളരുകയും ചെയ്തു. കുടിയേറ്റ മേഖലയിലെ പട്ടയപ്രശ്നവും മനുഷ്യ-വന്യജീവി സംഘർഷങ്ങളും നിരന്തരം പൊതുസമൂഹത്തിൽ ഉയർത്തിക്കൊണ്ടുവന്ന അദ്ദേഹം ലളിതമായ ജീവിതശൈലി പിന്തുടരുന്ന വ്യക്തിയും സൗമ്യമായ പെരുമാറ്റത്തിനുടമയുമായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം കേരള രാഷ്ട്രീയത്തിൽ, പ്രത്യേകിച്ച് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് വലിയ നഷ്ടമാണ്.

**പി. പി. തങ്കച്ചൻ**

മുൻ നിയമസഭാ സ്പീക്കറും മുൻമന്ത്രിയുമായ മുതിർന്ന കോൺഗ്രസ് നേതാവ് പി.പി. തങ്കച്ചൻ 2025 സെപ്റ്റംബർ 11-ന് അന്തരിച്ചു. കെ.പി.സി.സി. പ്രസിഡന്റ്, യു.ഡി.എഫ്. കൺവീനർ തുടങ്ങി നിരവധി സുപ്രധാന രാഷ്ട്രീയ പദവികൾ വഹിച്ചിട്ടുള്ള അദ്ദേഹം 1939 ജൂലൈ 29-ന് എറണാകുളം ജില്ലയിലെ അങ്കമാലിയിൽ റവ. ഫാദർ പൗലോസ് പൈനാടത്തിന്റെയും അന്നമ്മയുടെയും മകനായാണ് ജനിച്ചത്. 1968-ൽ പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെടുമ്പോൾ അദ്ദേഹം രാജ്യത്തെ ഏറ്റവും പ്രായംകുറഞ്ഞ മുനിസിപ്പൽ ചെയർമാൻ എന്ന ബഹുമതി നേടിയിരുന്നു. 1982 മുതൽ തുടർച്ചയായി 19 വർഷം പെരുമ്പാവൂർ മണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലെത്തിയ അദ്ദേഹം 1991 മുതൽ 1995 വരെ ഒമ്പതാം കേരള നിയമസഭയുടെ സ്പീക്കറായും 1995-ൽ എ. കെ. ആന്റണി മന്ത്രിസഭയിൽ കൃഷി വകുപ്പുമന്ത്രിയായും പ്രവർത്തിച്ചിരുന്നു. 2004 മുതൽ തുടർച്ചയായി 14 വർഷം യു.ഡി.എഫ്. കൺവീനറായിരുന്നുവെന്നത് അദ്ദേഹത്തിന്റെ നേതൃപാടവത്തെ സാക്ഷ്യപ്പെടുത്തുന്നതാണ്. സാധാരണക്കാരായ ജനങ്ങളുടെ പ്രശ്നങ്ങളിൽ നിരന്തരം ഇടപെടുകയും ട്രേഡ് യൂണിയനുകളുടെ നേതൃസ്ഥാനം വഹിച്ചുകൊണ്ട് തൊഴിലാളികളുടെ അവകാശങ്ങൾക്കായി ശബ്ദമുയർത്തുകയും ചെയ്തിരുന്ന പി. പി. തങ്കച്ചന്റെ

വിയോഗത്തോടെ പതിറ്റാണ്ടുകളുടെ അനുഭവസമ്പത്തുള്ള തലമുതിർന്ന നേതാവിനെയാണ് കേരള രാഷ്ട്രീയത്തിന് നഷ്ടമാകുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ആദരണീയനായ മുൻ മുഖ്യമന്ത്രിയും ഈ സഭയിൽ ദീർഘകാലം അംഗവുമായിരുന്ന വി.എസ്. അച്ചുതാനന്ദന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. കേരളത്തിന്റെ സാമൂഹിക, രാഷ്ട്രീയ ചരിത്രത്തിലെ ഒരു അധ്യായത്തിനാണ് വി.എസ്.-ന്റെ മരണത്തോടെ തിരശ്ശീല വീണിരിക്കുന്നത്. അദ്ദേഹം ഉയർത്തിപ്പിടിച്ച പ്രത്യയശാസ്ത്രവും അതിന്റെ പൂർത്തീകരണത്തിനായി നടത്തിയ ഇടപെടലുകളും കാലാതിവർത്തിയായി നിലകൊള്ളും. ഒരു നൂറ്റാണ്ടോളംകാലം പൊതുപ്രവർത്തനരംഗത്ത് സജീവമായി നിൽക്കാനും ജനകീയ വിഷയങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുന്നതിനായി നിലകൊള്ളാനും സാധിച്ച അപൂർവം രാഷ്ട്രീയ പ്രവർത്തകരിൽ ഒരാളാണ് അദ്ദേഹം. ഐക്യകേരളം രൂപപ്പെടുത്തുന്നതിന് കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വം നൽകിയ പ്രക്ഷോഭങ്ങളിൽ അദ്ദേഹം സജീവമായി പങ്കെടുക്കുകയും വിവിധ കാലഘട്ടങ്ങളിലായി അഞ്ചരവർഷത്തിലേറെ തടവിൽ കഴിയുകയും കഠിന പോലീസ് മർദനത്തിന് വിധേയമാകുകയും ചെയ്തിട്ടുണ്ട്. മിച്ചഭൂമിയുൾപ്പെടെ നിരവധി സമരങ്ങൾക്ക് നേതൃത്വം നൽകിയ അദ്ദേഹം ആലപ്പുഴ ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടേറിയറ്റംഗം, ദേശീയ കൗൺസിൽ അംഗം, കേന്ദ്ര കമ്മിറ്റി അംഗം, പൊളിറ്റ്ബ്യൂറോ അംഗം, സംസ്ഥാന സെക്രട്ടറി, എൽ.ഡി.എഫ്. കൺവീനർ എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. 1967, 1970, 1991, 2001-2021 വർഷങ്ങളിൽ അദ്ദേഹം സാമാജികനായി നിയമസഭയിലെത്തുകയും മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, ഭരണപരിഷ്കാര കമ്മിഷൻ ചെയർമാൻ എന്നീ പദവികൾ വഹിച്ചതോടൊപ്പം പരിസ്ഥിതി, മനുഷ്യാവകാശം,

സ്ത്രീസമത്വം തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിക്കുകയും ചെയ്തു. നിയമസഭയിൽ അദ്ദേഹം സ്വീകരിച്ച നിലപാടുകൾ യുവതലമുറയിലെ സാമാജികർക്ക് മാതൃകയാണ്. വി. എസ്. അച്ചുതാനന്ദന്റെ സ്മരണകൾക്കുമുന്നിൽ പ്രണാമം അർപ്പിക്കുന്നു.

പതിനഞ്ചാം കേരള നിയമസഭയിൽ അംഗമായിരുന്ന വാഴൂർ സോമന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു. വിദ്യാർഥി പ്രസ്ഥാനത്തിലൂടെ പൊതുപ്രവർത്തന രംഗത്തേക്കുവന്ന അദ്ദേഹം ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ഭാഗമായാണ് ദീർഘകാലം പ്രവർത്തിച്ചത്. തോട്ടം തൊഴിലാളികളുടെ അവകാശങ്ങൾ ഉറപ്പാക്കുന്നതോടൊപ്പം അവർക്ക് വിദ്യാഭ്യാസം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഒരേസമയം ഞെട്ടലും ദുഃഖവും ഉളവാക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വിയോഗം. വാഴൂർ സോമന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

മുൻസ്പീക്കറും മുൻമന്ത്രിയുമായിരുന്ന പി.പി. തങ്കച്ചൻ വിടവാങ്ങിയിരിക്കുകയാണ്. സഭാധ്യക്ഷൻ, മന്ത്രി, സാമാജികൻ എന്നീ നിലകളിൽ അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. അഭിഭാഷകനായി രാഷ്ട്രീയത്തിലെത്തിയ അദ്ദേഹം ഔദ്യോഗിക/ പൊതുജീവിതത്തിൽ സാധാരണക്കാരോടൊപ്പംനിന്ന നേതാവാണ്. നിയമസഭാധ്യക്ഷനായിരിക്കെ അദ്ദേഹം നടത്തിയ ഇടപെടലുകളും കൃഷി വകുപ്പുമന്ത്രിയായിരിക്കെ കാർഷിക മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച പദ്ധതികളും ശ്രദ്ധേയമാണ്. പി. പി. തങ്കച്ചന്റെ രാഷ്ട്രീയ ജീവിതം യുവതലമുറയിലെ സാമാജികർക്ക് മാതൃകയാണ്. അദ്ദേഹത്തിന്റെ വിയോഗത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ദുരിതപൂർണ്ണമായ ബാല്യവും കൗമാരവും സംഭവബഹുലമായ യുവത്വവും പിന്നിട്ട അനുഭവങ്ങളുടെ പിന്തുണയുമാണ് വി. എസ്. അച്യുതാനന്ദന് കേരള രാഷ്ട്രീയത്തിൽ ശ്രദ്ധേയമായ പങ്കുവഹിക്കാൻ ഊർജം പകർന്നത്. അദ്ദേഹത്തിന്റെ പല നിലപാടുകളോടും പ്രതിപക്ഷം രാഷ്ട്രീയമായി വിയോജിച്ചിരുന്നെങ്കിലും ചില കാര്യങ്ങളിൽ യോജിക്കുകയും ചെയ്തിരുന്നു. ഭൂപ്രശ്നങ്ങളിൽ ശക്തമായ നിലപാട് സ്വീകരിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. പാരിസ്ഥിതിക വിഷയങ്ങളിലും ഭൂപ്രശ്നങ്ങളിലും പിന്നാക്ക/പാർശ്വവൽകൃത ജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളിലുമെല്ലാം പ്രകടിപ്പിച്ച അഭിപ്രായങ്ങളാണ് അദ്ദേഹത്തെ വ്യത്യസ്തനായ രാഷ്ട്രീയ നേതാവാക്കി മാറ്റിയത്. കേരള ജനത എന്നും ഹൃദയത്തിൽ സൂക്ഷിച്ചുവയ്ക്കുന്ന സമുന്നതനായ രാഷ്ട്രീയ നേതാവായ അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരവ് അർപ്പിക്കുന്നു.

സരസനായ നിയമസഭാംഗമായിരുന്ന വാഴൂർ സോമൻ പെട്ടെന്നാണ് നമ്മെ വിട്ടുപിരിഞ്ഞത്. ഇടുക്കി ജില്ലയിലെ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവായിരുന്ന അദ്ദേഹം ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്കിടയിൽ ക്രൂരമായ ആക്രമണത്തിന് വിധേയനായിട്ടുണ്ട്. ജനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുംവേണ്ടി വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിച്ച വാഴൂർ സോമനോടുള്ള ആദരവ് അർപ്പിക്കുന്നു.

സൗമ്യമായ പെരുമാറ്റവും മിതമായ സംഭാഷണവുംകൊണ്ട് എല്ലാവരെയും ആകർഷിക്കുകയും കാപട്യത്തിന് ഇടനൽകാതെ സങ്കീർണ്ണമായ വിഷയങ്ങൾ വിസ്മയകരമായി പരിഹരിക്കുകയും ചെയ്ത നേതാവായിരുന്ന പി. പി. തങ്കച്ചൻ. താൻ പ്രതിനിധാനം ചെയ്തിരുന്ന

നിയോജകമണ്ഡലത്തിലെ ജനങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കാനും എല്ലാവർക്കും സ്നേഹവും വാൽസല്യവും ആത്മവിശ്വാസവും പകർന്നുനൽകാനും കഴിഞ്ഞിരുന്ന ഗുരുതുല്യനായ രാഷ്ട്രീയ നേതാവായിരുന്നു അദ്ദേഹം. കൃഷി വകുപ്പിൽ ശ്രദ്ധേയമായ മാറ്റങ്ങൾ കൊണ്ടുവരികയും വഹിച്ച സ്ഥാനങ്ങളോട് നീതിപുലർത്തുകയും സത്യസന്ധമായ രാഷ്ട്രീയ പ്രവർത്തനം നടത്തുകയുംചെയ്ത അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും സൂചിപ്പിച്ചതുപോലെ കേരള രാഷ്ട്രീയത്തിൽ വിസ്മരിക്കാൻ കഴിയാത്ത സംഭാവന നൽകിയ നേതാവായിരുന്നു വി. എസ്. അച്യുതാനന്ദൻ. കർഷകത്തൊഴിലാളികളുൾപ്പെടെയുള്ളവരുടെ കരുത്തും പ്രതീക്ഷയുമായിരുന്നു അദ്ദേഹം. ന്യായത്തിനെതിരായ ഭൂരിപക്ഷ തീരുമാനത്തിന് വഴങ്ങാതിരിക്കാനുള്ള ഉൾക്കരുത്തും തന്റേടവും ഉറച്ച നിലപാടുമായിരുന്നു അദ്ദേഹത്തിന്റെ പോരാട്ടത്തിന്റെ അടിത്തറ. മറയൂർ ചന്ദനക്കൊള്ള, പ്ലാച്ചിമട സമരം, പൊമ്പിളൈ ഒരുമൈ സമരം, അനധികൃത ഭൂമികൈയേറ്റത്തിനെതിരായ സമരം എന്നിവ അദ്ദേഹത്തിന്റെ ജനകീയ നേതൃത്വവും ആദർശനിഷ്ഠയും പ്രതിഫലിപ്പിക്കുന്നതാണ്. സംസ്ഥാനത്തെ ജനകീയനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമായിരുന്നു വി. എസ്. അച്യുതാനന്ദൻ. തിരുവിതാംകൂറിലും കേരളത്തിലും നടന്ന തൊഴിലാളിവർഗ-രാഷ്ട്രീയ പോരാട്ടങ്ങളുടെ ഒരു യുഗമാണ് അദ്ദേഹത്തിന്റെ വിടവാങ്ങലിലൂടെ അവസാനിക്കുന്നത്. കലർപ്പില്ലാത്ത നിലപാടുകളിലൂടെ ജനങ്ങളുടെ വിശ്വാസം കാത്തുസൂക്ഷിച്ച് സംസ്ഥാന രാഷ്ട്രീയത്തിൽ മറക്കാനാകാത്ത നേതാവായി മാറിയ അദ്ദേഹത്തെ ഹരിത രാഷ്ട്രീയം അടയാളപ്പെടുത്തിയ നേതാവായി തലമുറകൾ വിലയിരുത്തും. ഒരു മത-രാഷ്ട്രീയ ശക്തികളുടെ സമ്മർദങ്ങൾക്കും അദ്ദേഹം വഴങ്ങിയില്ല. ധാർമ്മികതയായിരുന്നു അദ്ദേഹത്തിന്റെ

പിൻബലം. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം നടപ്പാക്കിയത് അവിസ്മരണീയമാണ്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് നീതി നേടിക്കൊടുക്കുന്നതിനുവേണ്ടി അദ്ദേഹം നടത്തിയ സമരം ദേശീയ ശ്രദ്ധനേടി. പാമോയിൽ, ഇടമലയാർ അഴിമതി കേസുകളിലെ നിയമ പോരാട്ടം സമാനതകളില്ലാത്തതായിരുന്നു. കേരള ചരിത്രത്തിൽ വരുംതലമുറ അത്ഭുതാദരങ്ങളോടെ ഓർക്കുന്ന ജീവിതം ബാക്കിയാക്കിയാണ് വി. എസ്. അച്യുതാനന്ദൻ വിടവാങ്ങിയത്. കേരള രാഷ്ട്രീയത്തിൽ വി.എസ്. എന്ന രണ്ടക്ഷരം തലമുറകളുടെ ഓർമ്മകളിൽ തുടിച്ചുനിൽക്കും. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വിദ്യാർഥി സംഘടനാ പ്രവർത്തനത്തിലൂടെ രാഷ്ട്രീയത്തിൽവന്ന വാഴൂർ സോമൻ ട്രേഡ് യൂണിയൻ രംഗത്താണ് സജീവമായി പ്രവർത്തിച്ചിരുന്നത്. കർമ്മമണ്ഡലമായ ഇടുക്കിയിൽ തൊഴിലാളി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് അവിസ്മരണീയമായ പ്രവർത്തനങ്ങൾ നടത്തുകയും പ്രതിയോഗികളുടെ ആക്രമണങ്ങളും പോലീസിന്റെ കൊടിയ മർദനങ്ങളും ഏറ്റുവാങ്ങുകയും ചെയ്തിട്ടുണ്ട്. ഇടുക്കിയിൽ തോട്ടം തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനം കാഴ്ചവച്ച അദ്ദേഹത്തിന്റെ അകാല നിര്യാണത്തിൽ അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു.

പ്രശസ്തനായ സ്പീക്കർ എന്ന നിലയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിച്ച വ്യക്തിയാണ് പി. പി. തങ്കച്ചൻ. കൃഷി വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കർഷകർക്കുവേണ്ടി നടത്തിയ പ്രവർത്തനങ്ങൾ കാർഷിക മേഖലയോടുള്ള അദ്ദേഹത്തിന്റെ താൽപര്യം വ്യക്തമാക്കുന്നതാണ്. അദ്ദേഹത്തിന്റെ വേർപാടിൽ ദു:ഖം രേഖപ്പെടുത്തുന്നു.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: കേരള രാഷ്ട്രീയ ചരിത്രത്തിൽ മറക്കാനാകാത്ത സംഭാവനകൾ നൽകിയ അന്തരിച്ച മഹത്‌വ്യക്തികൾക്ക് ആദരവ് അർപ്പിക്കുന്നു. ദശകങ്ങളോളം ചൂഷണത്തിനെതിരായും ദാരിദ്ര്യനിർമാർജനത്തിനും പരിസ്ഥിതി സംരക്ഷണത്തിനുംവേണ്ടിയും പ്രയത്നിച്ച നേതാവാണ് വി. എസ്. അച്ചുതാനന്ദൻ. അതത് കാലഘട്ടങ്ങളിലെ പ്രശ്നങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് രാഷ്ട്രീയ പ്രവർത്തനം നടത്തുകയും അത് ചരിത്രത്തിന്റെ ഭാഗമാക്കുകയും ചെയ്ത അപൂർവ വ്യക്തിത്വത്തിനുടമയാണ് അദ്ദേഹം. അക്ഷയ സെന്ററുകൾ സ്ഥാപിക്കുന്നതിന് അദ്ദേഹം വലിയ പിന്തുണയാണ് നൽകിയിട്ടുള്ളത്. വ്യത്യസ്ത രാഷ്ട്രീയ പാർട്ടിക്കാരെന്ന നിലയിൽ വിയോജിപ്പുണ്ടായിരുന്നെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്വം വ്യത്യസ്തമായിരുന്നു. അദ്ദേഹം കേരളത്തിന് നൽകിയ സംഭാവനകൾ ചരിത്രത്തിന്റെ ഭാഗമാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

നിഷ്കളങ്കമായും സമർപ്പിത ബോധത്തോടുകൂടിയും പ്രവർത്തിച്ച വ്യക്തിയാണ് അപ്രതീക്ഷിത വിയോഗത്തിലൂടെ കടന്നുപോയ വാഴൂർ സോമൻ.

പ്രവർത്തന മേഖലകളിലെല്ലാം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച പി. പി. തങ്കച്ചൻ ഉയർത്തിപ്പിടിച്ച ലാളിത്യവും സൗമ്യതയും സ്നേഹഭാവവുമാണ് പല പ്രശ്നങ്ങളും പരിഹരിക്കാൻ ആയുധമായത്. അപൂർവമായി മാത്രം അലോസരപ്പെട്ട് സംസാരിക്കുന്ന, ക്ഷമ അങ്ങേയറ്റം പാലിച്ചിരുന്ന സഭാധ്യക്ഷനായിരുന്നു അദ്ദേഹം. സൗഹൃദത്താൽ എല്ലാവരെയും കൂട്ടിയോജിപ്പിച്ച ആൾ എന്ന നിലയിൽ അദ്ദേഹത്തിന്റെ വിയോഗം വേദനാജനകമാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമായി പ്രവർത്തിച്ചിരുന്ന വി. എസ്. അച്ചുതാനന്ദൻ സമരങ്ങളിലൂടെ വളർന്ന, ജനങ്ങളോടൊപ്പംനിന്ന

രാഷ്ട്രീയക്കാരനായിരുന്നു. തൊഴിലാളിവർഗത്തെ ഹൃദയത്തോട് ചേർത്തുനിർത്തി കർഷക തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. വാർധക്യത്തിൽപോലും പോരാട്ടവീഥികളിലേക്ക് കടന്നുചെന്ന അദ്ദേഹത്തിന്റെ സമരവീര്യം മറക്കാനാകാത്തതാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

സഭാംഗവും പ്രിയപ്പെട്ട സഹപ്രവർത്തകനുമായിരുന്ന വാഴൂർ സോമൻ വിദ്യാർഥി സംഘടനാ രാഷ്ട്രീയത്തിലൂടെ ജീവിതം ആരംഭിച്ച് വാഴൂരിൽനിന്നും പീരുമേട് എം.എൽ.എ.-യായി നിയമസഭയിൽ എത്തിയത് ചരിത്രമാണ്. തോട്ടം തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ നേരിട്ട് കോടതിയിൽ ഹാജരായി വാദിക്കുന്നതിനുവരെ അദ്ദേഹം തയ്യാറായിട്ടുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി വിളിച്ചുചേർത്ത പട്ടയ അസംബ്ലിയിൽ പങ്കെടുത്തശേഷം പെട്ടെന്നുണ്ടായ അദ്ദേഹത്തിന്റെ വിയോഗം വിശ്വസിക്കാൻ കഴിയാത്തതാണ്. സൗമ്യമായ ഇടപെടലിലൂടെയും രൂക്ഷമായ വിമർശനങ്ങളിലൂടെയും കാര്യങ്ങൾ നേടിയെടുക്കുന്നതിന് അദ്ദേഹം നടത്തിയ ശ്രമങ്ങൾ ഇത്തരുണത്തിൽ ഓർത്തുകൊണ്ട് അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുന്നിൽ ശിരസ്സ് നമിക്കുന്നു.

മന്ത്രി, നിയമസഭാ സ്പീക്കർ എന്നീ നിലകളിൽ പ്രവർത്തിച്ച പി. പി. തങ്കച്ചൻ കൃഷി വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ കാർഷിക മേഖലയ്ക്കുവേണ്ടി സ്വീകരിച്ച അനുഭാവപൂർവമായ നിലപാടുകൾ അവിസ്മരണീയമാണ്. എല്ലാ അംഗങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിൽ അദ്ദേഹം ശ്രദ്ധാലുവായിരുന്നു. അഭിഭാഷകനായി പ്രവർത്തിച്ചുവരവെ രാഷ്ട്രീയ പ്രസ്ഥാനത്തിലേക്ക് കടന്നുവന്ന അദ്ദേഹത്തിന്റെ നീതിപൂർവമായ

പ്രവർത്തനവും സമീപനവും ഒരു കാലഘട്ടത്തിന്റെ ഓർമ്മയായി മാറിയിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ശിരസ്സ് നമിക്കുന്നു.

ശ്രീ. മോൻസ് ജോസഫ്: അഴിമതിക്കെതിരെയുള്ള പോരാട്ടത്തിൽ ശക്തമായ നിലപാട് സ്വീകരിച്ച നേതാവായിരുന്നു വി.എസ്. അച്യുതാനന്ദൻ. സാധാരണക്കാരായ ജനങ്ങൾക്കും തൊഴിലാളിവർഗത്തിനുംവേണ്ടി ആത്മാർഥമായി പ്രവർത്തിച്ച അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ പ്രണാമം അർപ്പിക്കുന്നു.

നിയമസഭാംഗമായി കടന്നുവന്ന വാഴൂർ സോമൻ പീരുമേടിന്റെയും തൊഴിലാളിവർഗത്തിന്റെയും പ്രശ്നങ്ങൾ സഭയിൽ ശക്തമായി ഉന്നയിക്കുകയും അവ പരിഹരിക്കാൻ താൽപര്യത്തോടെ പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ സഹപ്രവർത്തകനായി നിൽക്കുമ്പോഴുള്ള അദ്ദേഹത്തിന്റെ വേർപാട് വേദനാജനകവും ദുഃഖകരവുമാണ്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

നിഷ്പക്ഷ നിലപാടുകൾ ഉയർത്തിപ്പിടിക്കാൻ ശ്രമിച്ച സഭാനാഥനായിരുന്നു പി. പി. തങ്കച്ചൻ. കൃഷി വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കർഷകരുടെ ഉന്നമനത്തിനായി അദ്ദേഹം നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പി. പി. തങ്കച്ചന്റെ ഓർമ്മകൾക്കുമുന്നിൽ പ്രണാമം അർപ്പിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സഹനത്തിന്റെയും ത്യാഗത്തിന്റെയും നേരിന്റെയും നിർഭയത്വത്തിന്റെയും മൂല്യാധിഷ്ഠിത രാഷ്ട്രീയത്തിന്റെയും മറുപേരായിരുന്നു വി.എസ്. എന്ന രണ്ടക്ഷരം. കുട്ടനാട്ടിലെയും അപ്പർ കുട്ടനാട്ടിലെയും കർഷക തൊഴിലാളികളെ സംഘടിപ്പിക്കുകയെന്ന നിയോഗം ഏറ്റെടുത്തുകൊണ്ട് മനുഷ്യത്വം പുലരുന്ന അപ്പർ കുട്ടനാടിനെ

സൃഷ്ടിച്ചെടുക്കുന്നതിൽ അദ്ദേഹം വലിയ പങ്കുവഹിക്കുകയും ജന്മിത്ത അടിച്ചമർത്തലിനെതിരെ പുന്നപ്രയിലും വയലാറിലും ഉജ്ജ്വല സമരങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രി എന്നതിലുപരി പ്രതിപക്ഷനേതാവെന്ന നിലയിലാണ് അദ്ദേഹത്തെ കേരളം ഇഷ്ടപ്പെട്ടത്. പറമ്പിക്കുളം-ആളിയാർ കരാർ, പ്ലാച്ചിമട സമരം എന്നിവയെക്കുറിച്ച് അദ്ദേഹം നടത്തിയ പഠനങ്ങളും സ്വാശ്രയ മേഖലയിലെ പ്രൊഫഷണൽ കോളേജുകളെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള പരിശ്രമവും ഇന്നും പ്രസക്തമാണ്. ആരോഗ്യ കാരണങ്ങളാൽ അവസാനകാലങ്ങളിൽ പൊതുരംഗത്ത് സജീവമല്ലാതിരുന്നിട്ടും മരണശേഷം തിരുവനന്തപുരം മുതൽ ആലപ്പുഴ വരെയുള്ള വീഥികളിലും സംസ്കാര ചടങ്ങുകളിലുമുണ്ടായ ജനസാന്നിധ്യം എത്രമാത്രം ആഴത്തിൽ ജനഹൃദയങ്ങളിൽ അദ്ദേഹം ജീവിച്ചിരിക്കുന്നുവെന്നതിന്റെ തെളിവാണ്.

വാഴൂർ സോമന്റെ മരണം അപ്രതീക്ഷിതമായിരുന്നു. ഇടുക്കിയിലെ ഭൂപ്രശ്നങ്ങൾ ഉന്നയിക്കാനും ഭൂപതിവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ രൂപീകരിക്കണമെന്ന ആവശ്യത്തിന്മേൽ അവസാന നിമിഷങ്ങളിൽപ്പോലും ശക്തമായ ഇടപെടൽ നടത്താനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

പി. പി. തങ്കച്ചൻ സ്പീക്കറായും മന്ത്രിയായും യു.ഡി.എഫ്. കൺവീനറായും കെ.പി.സി.സി. പ്രസിഡന്റായുമൊക്കെ പ്രവർത്തിച്ചു. എട്ടാം കേരള നിയമസഭയിൽ അദ്ദേഹത്തോടൊപ്പം അംഗമായിരിക്കാൻ എനിക്കും അവസരം ലഭിച്ചിട്ടുണ്ട്. സ്വന്തം പാർട്ടിയുടെയും മുന്നണിയുടെയും നിലപാടുകൾ പ്രതിഫലിപ്പിക്കാൻ പരിശ്രമിച്ചിരുന്ന വ്യക്തിയാണ് അദ്ദേഹം. മൺമറഞ്ഞുപോയ മൂന്ന് നേതാക്കൾക്കും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്:</u> വി.എസ്. അച്യുതാനന്ദന്റെ വേർപാട് സംസ്ഥാനത്തിന് തീരാനഷ്ടമാണ്. നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമമടക്കം നിരവധി നിയമങ്ങൾ അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. മനസ്സിലുള്ള ആശയങ്ങളും ചിന്തകളും പ്രാവർത്തികമാക്കുന്നതിനും അനീതിക്കെതിരെ പോരാടുന്നതിനുള്ള താൽപര്യവുമാണ് അദ്ദേഹത്തിൽ നമുക്ക് കാണാൻ കഴിഞ്ഞിരുന്നത്. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ഞാൻ ശിരസ്സ് നമിക്കുന്നു.

നമ്മോടൊപ്പം വളരെ സജീവമായിനിന്ന സഹപ്രവർത്തകനായ വാഴൂർ സോമന്റെ പെട്ടെന്നുള്ള വേർപാട് വേദനയോടെയും ദു:ഖത്തോടെയുമാണ് കാണാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ ജീവിതം മലയോര ജനത, തോട്ടം തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ എന്നിവർക്ക് വേണ്ടിയുള്ളതായിരുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പി. പി. തങ്കച്ചൻ എനിക്ക് ഗുരുതുല്യനും പിതൃതുല്യനുമായ വ്യക്തിയായിരുന്നു. ദീർഘകാലം യു.ഡി.എഫ്.-നും കെ.പി.സി.സി.-ക്കും നേതൃത്വം നൽകുന്നതിനും സ്പീക്കർ, മന്ത്രി എന്നീ നിലകളിൽ വ്യക്തിത്വം തെളിയിക്കുന്നതിനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാടിലുള്ള അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. തോമസ് കെ. തോമസ്:</u> കമ്മ്യൂണിസ്റ്റ് പാർട്ടി സെക്രട്ടറിയായും പ്രതിപക്ഷനേതാവായും മുഖ്യമന്ത്രിയായും ഉജ്ജ്വലമായ പ്രവർത്തനം കാഴ്ചവച്ച വ്യക്തിയാണ് വി. എസ്. അച്യുതാനന്ദൻ. കുട്ടനാട് പ്രദേശത്തെ പുരോഗതിയിലെത്തിക്കാനായി അദ്ദേഹം നടത്തിയ പ്രവർത്തനങ്ങൾ ഓരോ കുട്ടനാട്ടുകാരന്റെ മനസ്സിലും എന്നും നിലനിൽക്കുമെന്ന കാര്യത്തിൽ

യാതൊരു സംശയവുമില്ല. അദ്ദേഹത്തിന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

വാഴൂർ സോമന്റെ വിയോഗം ഞെട്ടലുളവാക്കുന്നതാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

പി. പി. തങ്കച്ചൻ ഒരു പുരോഹിതന്റെ മകനായി ജനിച്ച് രാഷ്ട്രീയക്കാരനായും സ്പീക്കറായും മന്ത്രിയായും ശോഭിച്ചു. ആരുടെയും മുഖം നോക്കാതെയും പക്ഷംചേരാതെയും നിലകൊള്ളാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ നിര്യാണത്തിലും അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): കേരള രാഷ്ട്രീയത്തിലെ പ്രമുഖരായ മൂന്ന് നേതാക്കളെയാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. വി. എസ്. അച്ചുതാനന്ദൻ കയർ തൊഴിലാളികൾക്കുവേണ്ടി കഷ്ടപ്പാടുകൾ അനുഭവിച്ചും സ്വാതന്ത്ര്യസമരത്തിലും പുന്നപ്ര വയലാർ സമരത്തിലും പങ്കെടുത്തും കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന നേതാവായിരുന്നു. സാധാരണക്കാരന്റെ വിഷയങ്ങളിലും പാരിസ്ഥിതിക രംഗത്തും അദ്ദേഹം സ്വീകരിച്ച നിലപാടുകൾ ആദ്യകാലത്ത് വിയോജിപ്പുകൾക്ക് കാരണമായെങ്കിലും കാലം അദ്ദേഹത്തിന്റെ നന്മ തിരിച്ചറിയുകയുണ്ടായി. മുഖ്യമന്ത്രിയെന്ന നിലയിലും കേരളത്തിൽ നിരവധി പരിഷ്കാരങ്ങൾ കൊണ്ടുവരാൻ ശ്രമിച്ച കരുത്തുറ്റ നേതാവെന്ന നിലയിലുമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വരുംതലമുറയിലെ രാഷ്ട്രീയപ്രവർത്തകർക്ക് മാതൃകയായിരിക്കും. അദ്ദേഹത്തിന്റെ ആത്മാവിന് മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

തോട്ടം തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനുമായി പരിശ്രമിച്ച വാഴൂർ സോമൻ സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകമായിരുന്നു. അനാരോഗ്യം പരിഗണിക്കാതെ തൊഴിലാളികളുടെ വിഷയങ്ങൾ സഭയിൽ അവതരിപ്പിക്കുന്നതിൽ മികവ് പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ വേർപാടിൽ അനുശോചനം അറിയിക്കുന്നതോടൊപ്പം കുടുംബാംഗങ്ങളുടെ ദുഃഖത്തിലും പങ്കുചേരുന്നു.

ഗൗരവമേറിയ വിഷയങ്ങൾ ലഘൂകരിച്ച് പരിഹാരം കാണുന്നതിൽ പ്രാഗത്ഭ്യമുണ്ടായിരുന്ന വ്യക്തിയാണ് പി. പി. തങ്കച്ചൻ. ദീർഘകാലം യു.ഡി.എഫ്. കൺവീനറായി പ്രവർത്തിച്ച അദ്ദേഹം ഇന്ത്യയിലെ പ്രായംകുറഞ്ഞ മുനിസിപ്പൽ ചെയർമാനായിരുന്നു. നിയമസഭാ സാമാജികൻ, സ്പീക്കർ, മന്ത്രി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സ്പീക്കർ എന്ന നിലയിൽ നിർണ്ണായകമായ റൂളിങ്ങുകൾ അദ്ദേഹം നടത്തിയിട്ടുണ്ട്. രാഷ്ട്രീയ രംഗത്ത് നിറഞ്ഞുനിന്ന ഈ മൂന്ന് വ്യക്തിത്വങ്ങളുടെയും മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): അങ്ങും ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവ് ഉൾപ്പെടെയുള്ള നേതാക്കളും പ്രകടിപ്പിച്ച ഹൃദയവികാരത്തോടൊപ്പം ഞാനും പങ്കുചേരുന്നു. കേരളത്തിന്റെ രാഷ്ട്രീയ-ഭരണരംഗത്ത് തിളങ്ങിനിന്ന വ്യക്തിത്വമാണ് വി. എസ്. അച്ചുതാനന്ദൻ. അസമത്വത്തിനും അനീതിക്കുമെതിരെ പോരാടിയ ചരിത്രമാണ് അദ്ദേഹത്തിനുള്ളത്. പ്രതിപക്ഷനേതാവ്, മുഖ്യമന്ത്രി എന്നീ നിലകളിൽ ശോഭിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. തൊഴിലാളികളുൾപ്പെടെയുള്ള വിവിധ വിഭാഗം ജനങ്ങൾക്കായി അദ്ദേഹം നടത്തിയ ഐതിഹാസിക പ്രവർത്തനങ്ങളും തീരുമാനങ്ങളുമെല്ലാം കേരളത്തിന്റെ സാമൂഹ്യ-രാഷ്ട്രീയ-

ഭരണചരിത്രത്തിൽ അമൂല്യനിധിയായി സൂക്ഷിക്കപ്പെടും. തലസ്ഥാന നഗരിയിൽനിന്നും ആലപ്പുഴയിലേക്ക് നടത്തിയ വിലാപയാത്ര ജനഹൃദയങ്ങൾ അദ്ദേഹത്തെ എങ്ങനെയാണ് കാണുന്നതെന്നതിന്റെ അനുഭവസാക്ഷ്യമാണ്. ഭരണാധികാരി, രാഷ്ട്രീയപ്രവർത്തകൻ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള സഖാവ് വി.എസ്.-ന്റെ ഓർമ്മകൾക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

പിതൃതുല്യമായ സ്നേഹത്തോടെ ഞങ്ങളോട് പെരുമാറിയിരുന്ന വ്യക്തിയാണ് വാഴൂർ സോമൻ. നിയമസഭാ സാമാജികൻ എന്ന നിലയിൽ മാതൃകാപരമായ പ്രവർത്തനങ്ങളാണ് അദ്ദേഹം കാഴ്ചവച്ചിട്ടുള്ളത്. ലാളിത്യത്തിന്റെയും സ്നേഹത്തിന്റെയും സൗമനസ്യത്തിന്റെയും പ്രതീകമായ, മനുഷ്യസ്നേഹിയായ നേതാവായ വാഴൂർ സോമന്റെ ഓർമ്മയ്ക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

പൊതുജീവിതത്തിന്റെ വ്യത്യസ്ത രംഗങ്ങളിൽ പ്രവർത്തിച്ചിട്ടുള്ള ഒരാളാണ് പി. പി. തങ്കച്ചൻ. നിയമസഭാ സമിതി പ്രവർത്തനങ്ങളിൽ അദ്ദേഹം നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്. മന്ത്രി, സ്പീക്കർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ച് ജനസേവനത്തിന് മാതൃകയായി മാറിയ പി. പി. തങ്കച്ചന്റെ ഓർമ്മകൾക്കുമുമ്പിൽ പ്രണാമം അർപ്പിക്കുന്നു.

<u>ശ്രീ. അഹമ്മദ് ദേവർകോവിൽ</u>: മൂന്ന് പ്രമുഖ നേതാക്കളുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ എന്നിവർ നടത്തിയ അഭിപ്രായങ്ങളോട് യോജിക്കുന്നു. സി.പി.ഐ.(എം)-ന്റെ സമുന്നതനായ നേതാവ്, എൽ.ഡി.എഫ്. കൺവീനർ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ് എന്നീ നിലകളിലെ വി.എസ്. അച്ചുതാനന്ദന്റെ സംഭാവനകൾ എന്നും ഓർമ്മകളിൽ ജ്വലിച്ച്

നിൽക്കും. മുഖ്യമന്ത്രിയായിരുന്നപ്പോൾ പ്രതിപക്ഷ ശബ്ദങ്ങളെ കേൾക്കാനും സത്യ-അസത്യങ്ങളെ തിരിച്ചറിയാനും സത്യത്തിനുവേണ്ടി നിലകൊള്ളാനും അദ്ദേഹം ശ്രമിച്ചിരുന്നു. ഒരു പൊതുപ്രവർത്തകൻ ജനഹൃദയത്തിൽ എത്രമാത്രം സ്വീകാര്യനാകുമെന്നതിന് തെളിവാണ് അദ്ദേഹത്തിന്റെ ഭൗതിക ശരീരം വഹിച്ചുകൊണ്ടുള്ള വിലാപയാത്രയിലുടനീളം കാണാൻ കഴിഞ്ഞത്. അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖം രേഖപ്പെടുത്തുന്നു.

തൊഴിലാളിവർഗ താൽപര്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിച്ച നേതാവാണ് വാഴൂർ സോമൻ. അവസാന നിമിഷം വരെയും തൊഴിലാളിവർഗ താൽപര്യത്തിനുവേണ്ടി നിലകൊണ്ട് പോരാട്ടഭൂമിയിൽ മരിച്ചുവീണ അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന വ്യക്തിത്വത്തിനുടമയാണ് പി. പി. തങ്കച്ചൻ. നിയമസഭാ സ്പീക്കർ എന്ന നിലയ്ക്ക് എല്ലാവരിൽനിന്നും അദ്ദേഹം അഭിനന്ദനങ്ങൾ ഏറ്റുവാങ്ങിയിട്ടുണ്ട്. കെ.പി.സി.സി. പ്രസിഡന്റ്, നിയമസഭാ സാമാജികൻ, കൃഷി വകുപ്പുമന്ത്രി എന്നീ നിലകളിൽ അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. എല്ലാ വിഷയങ്ങളെയും സമന്വയത്തോടെ കാണാനും അവയ്ക്ക് പരിഹാരം കാണാനും ശ്രമിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ജീവിതം പൊതുപ്രവർത്തകർക്ക് മാതൃകയാണ്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്നു.

<u>ശ്രീ. ആന്റണി രാജു</u>: നിശ്ചയദാർഢ്യത്തോടെ സ്വന്തം പാത വെട്ടിത്തുറന്ന നേതാവാണ് വി. എസ്. അച്യുതാനന്ദൻ. തീക്ഷ്ണമായ ജീവിതാനുഭവങ്ങളാണ് അദ്ദേഹത്തിന്റെ മൂലധനം. നിലപാടുകൾ വിവാദമാകുമ്പോഴും ആത്മധൈര്യത്തോടെ ഉറച്ചുനിന്ന വ്യക്തിത്വത്തിനുടമയായിരുന്നു അദ്ദേഹം. വിദ്യാഭ്യാസത്തിന്റെ കുറവോ ഭാഷാ

പ്രാവീണ്യക്കുറവോ അദ്ദേഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് തടസ്സമായിരുന്നില്ല. ഒരു പ്രതിപക്ഷ നേതാവ് എങ്ങനെയായിരിക്കണമെന്ന് അദ്ദേഹത്തിൽനിന്നും പഠിക്കേണ്ടതുണ്ട്. ജ്വലിക്കുന്ന അധ്യായം രചിച്ച വി.എസ്. എന്ന രണ്ടക്ഷരങ്ങൾ ഏറെനാൾ ജനമനസ്സിൽ ഇടംപിടിക്കും.

കഴിഞ്ഞ സമ്മേളനത്തിൽ നമ്മോടൊപ്പം ഉണ്ടായിരുന്ന വാഴൂർ സോമൻ അപ്രതീക്ഷിതമായാണ് നമ്മെ വിട്ടുപിരിഞ്ഞത്. അദ്ദേഹം തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ജനകീയ പ്രശ്നങ്ങൾ ഏറ്റെടുത്ത് പരിഹരിക്കുന്നതിനും വിട്ടുവീഴ്ചയില്ലാതെ പോരാടിയിട്ടുണ്ട്. ലാളിത്യവും വിനയവും നിശ്ചയദാർഢ്യവും കൈമുതലാക്കിയ വ്യത്യസ്തനായ പൊതുപ്രവർത്തകനായിരുന്നു വാഴൂർ സോമൻ.

സമന്വയത്തിന്റെ പാതയിലൂടെ സൗമ്യതയോടെ പൊതുപ്രവർത്തനം നടത്തിയ നേതാവാണ് പി. പി. തങ്കച്ചൻ. സ്വതസിദ്ധമായ ശൈലിയിലൂടെ ഏവർക്കും സ്വീകാര്യനായി മാറിയ അദ്ദേഹം സ്പീക്കർ, മന്ത്രി, യു.ഡി.എഫ്. കൺവീനർ എന്നീ തലങ്ങളിലെല്ലാം തിളക്കമാർന്ന പ്രവർത്തനമാണ് കാഴ്ചവച്ചത്. സ്പീക്കർ എന്ന നിലയിൽ പി. പി. തങ്കച്ചന്റെ നേതൃപാടവം ശ്രദ്ധേയമാണ്. പി. പി. തങ്കച്ചന്റെയും വാഴൂർ സോമന്റെയും വി. എസ്. അച്യുതാനന്ദന്റെയും പാവന സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: വി. എസ്. അച്യുതാനന്ദന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. മികച്ച മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമെന്ന നിലയിൽ അദ്ദേഹത്തിന്റെ ഓർമ്മ കേരളത്തിലെന്നും നിലനിൽക്കും.

വിദ്യാർഥി രാഷ്ട്രീയത്തിലൂടെ കടന്നുവന്ന് വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച, ആരോടും സങ്കോചംകൂടാതെ സംസാരിക്കുന്ന വാഴൂർ സോമന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കാർഷികാവശ്യങ്ങൾക്ക് വൈദ്യുതി സൗജന്യമായി നൽകിയ കൃഷി വകുപ്പുമന്ത്രി, എല്ലാ അംഗങ്ങളെയും ഒരുമിച്ചുകൊണ്ടുപോയ സ്പീക്കർ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പി. പി. തങ്കച്ചന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

<u>ശ്രീമതി കെ. കെ. രമ</u>: ജീവിതപ്രയാസങ്ങൾക്കിടയിലും തൊഴിലാളിവർഗ പ്രസ്ഥാനം കെട്ടിപ്പടുക്കുകയെന്ന ദൗത്യം ഏറ്റെടുത്ത്, നിരവധി വെല്ലുവിളികളെ അതിജീവിച്ച്, ഒരായുസ്സ് മുഴുവൻ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ, പൊതുപ്രശ്നങ്ങളിൽ സമാനതകളില്ലാതെ ഇടപെട്ട, ഉജ്ജ്വലനായ നേതാവാണ് വി. എസ്. അച്ചുതാനന്ദൻ. പാർട്ടിക്കുള്ളിലും പുറത്തും സ്വന്തം നിലപാടുകൾ അചഞ്ചലമായി ഉയർത്തിപ്പിടിച്ചതിനാൽ നിരവധി പ്രയാസങ്ങൾ അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. പാർലമെന്ററിയൻ എന്ന നിലയിലുള്ള പ്രവർത്തനം തൊഴിലാളിവർഗ പ്രസ്ഥാനത്തിൽ എങ്ങനെ ഉപയോഗപ്പെടുത്താമെന്ന് അദ്ദേഹം നേതൃപാടവംകൊണ്ട് തെളിയിച്ചിട്ടുണ്ട്. ജീവിതത്തിലെ വിഷമമേറിയ സന്ദർഭത്തിൽ പിതൃതുല്യനായ അദ്ദേഹം എനിക്ക് നൽകിയ കരുതലും ഇടപെടലും മറക്കാനാവില്ല. അദ്ദേഹത്തിന്റെ നിര്യാണത്തിൽ എന്റെയും എന്റെ പാർട്ടിയുടെയും ആദരാഞ്ജലികൾ അർപ്പിക്കുന്നു.

നമുക്കൊപ്പമുണ്ടായിരുന്ന സൗമ്യസാന്നിധ്യമായ വാഴൂർ സോമന്റെയും കോൺഗ്രസ്സിന്റെ സമാരാധ്യ നേതാവായ പി. പി. തങ്കച്ചന്റെയും ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ

അർപ്പിക്കുന്നു.

<u>ശ്രീ. മാണി സി. കാപ്പൻ</u>: ബഹുമാനപ്പെട്ട സ്പീക്കർ, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ എന്നിവർ പ്രകടിപ്പിച്ച വികാരങ്ങളോട് യോജിക്കുന്നു. കർഷകർക്കും കർഷകത്തൊഴിലാളികൾക്കുംവേണ്ടി അഹോരാത്രം പ്രവർത്തിച്ച വി. എസ്. അച്ചുതാനന്ദന്റെ ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

പീരുമേട്ടിലെ കർഷക/തോട്ടം തൊഴിലാളികൾക്കുവേണ്ടി അഹോരാത്രം പ്രവർത്തിച്ച വാഴൂർ സോമന്റെയും സത്യസന്ധമായ രാഷ്ട്രീയത്തിന്റെ നേർരൂപമായ പി. പി. തങ്കച്ചന്റെയും ഓർമ്മകൾക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

(അന്തരിച്ച മഹത് വ്യക്തികളോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)

(സഭ രാവിലെ 10.40-ന് പിരിഞ്ഞു.)

******